**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ**
**(ഭരണം) നടപടി ഉത്തരവ്**

പുറപ്പെടുവിക്കുന്നത് : പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്.

വിഷയം: വനം വകുപ്പിലെ വനരക്തസാക്ഷികളുടെ പട്ടിക പുതുക്കി പ്രസിദ്ധീകരിച്ചു കൊണ്ട് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന: 18/11/2021 തീയതിയിലെ ഇതേ നമ്പർ നടപടി ഉത്തരവ്

**ഉത്തരവ് നമ്പർ: ഇ6-3432/2020 തീയതി: 26-12-2024**

വന-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കിടയിൽ ജീവൻ നഷ്ടപ്പെട്ട വനപാലകരുടെ ധീരതയും ത്യാഗവും എക്കാലവും ജ്വലിക്കുന്ന സ്മരണകളാണ്. ഇവരുടെ ഓർമ്മയ്ക്കായി എല്ലാ വർഷവും സെപ്റ്റംബർ 11 ദേശീയ വനരക്തസാക്ഷി ദിനമായി ആചരിച്ചു വരുന്നു. ലഭ്യമായ വിവരങ്ങൾ പ്രകാരം, കേരളത്തിൽ, 1969 മുതൽ ഇതു വരെ 37 ധീര വനപാലകർ രക്തസാക്ഷികളായിട്ടുണ്ട്.

വരും തലമുറയിൽ നിന്ന് നമ്മൾ കടംകൊണ്ട അമൂല്യമായ വനസമ്പത്ത് കാത്ത് സൂക്ഷിക്കുന്ന കൃത്യനിർവഹണത്തിനിടയിൽ നമ്മുടെ സംസ്ഥാനത്ത് ജീവൻ നഷ്ടപ്പെടുത്തേണ്ടിവന്നവരുടെ വിവരങ്ങൾ പരിശോധിച്ച് 09/09/2021 തീയതി അടിസ്ഥാനത്തിൽ തയ്യാറാക്കിയ 35 വനപാലകരുടെ വനം രക്തസാക്ഷി പട്ടിക സൂചന ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് രക്തസാക്ഷികളായ 2 വനപാലകരുടെ പേര് കൂടി ചേർത്ത് രക്തസാക്ഷി പട്ടിക പുതുക്കി പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്.

2024 ആഗസ്റ്റ് 31 വരെ കേരളത്തിൽ വനസംരക്ഷണത്തിന്റെ ഭാഗമായി ജീവൻ നഷ്ടമായ 37 വനപാലകരുടെ പേര് വിവരം ഉൾപ്പെടുത്തി, 30/11/2024

തീയതി അടിസ്ഥാനമാക്കിയുള്ള വനരക്തസാക്ഷി പട്ടിക അനുബന്ധം 1 ആയി പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Pramod G Krishnan
Date: 26-12-2024 08:16:18

പ്രമോദ് ജി. കൃഷ്ണൻ ഐ.എഫ്.എസ്.

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

**(ഭരണം)**

# കേരള വനം വകുപ്പിലെ 20-01-2025 വരെയുള്ള വന രക്തസാക്ഷികളുടെ പട്ടിക (അനുബന്ധം 1)

| ക്രമ നമ്പർ | പേര് | തസ്തിക | റെയിഞ്ച്/ ഡിവിഷൻ/ സർക്കിൾ | രക്തസാക്ഷി ആയ തീയതി | മരണ കാരണം |
|---|---|---|---|---|---|
| 1. | ടി. കെ. കൃഷ്ണൻകുട്ടി നായർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | കരുളായി റെയിഞ്ച് നിലമ്പൂർ സൗത്ത് ഡിവിഷൻ ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 04-03-1969 | കരുളായി റെയിഞ്ചിലെ പാട്ടകരിമ്പ് എന്ന സ്ഥലത്ത് സമൻസ് നടപ്പാക്കാനെത്തവേ പ്രതിയുടെ കുത്തേറ്റ് മരിച്ചു |
| 2. | പി. കെ. സുകു | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | ചിന്നാർ റെയിഞ്ച് വൈൽഡ് ലൈഫ് ഡിവിഷൻ മൂന്നാർ വൈൽഡ് ലൈഫ് സർക്കിൾ കോട്ടയം | 20-02-1976 | ചിന്നാർ റെയിഞ്ചിൽ വനം കേസ്സ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനിടെ പ്രതികളുടെ കുത്തേറ്റ് മരിച്ചു |
| 3. | എൻ. രാജേശ്വരൻ നായർ IFS | ഡയറക്ടർ വൈൽഡ് ലൈഫ് റിസർച്ച് & എഡ്യൂക്കേഷൻ | ഫോറസ്റ്റ് റിസർച്ച് & കോളേജസ്, ഡെറാഡൂൺ | 06-12-1977 | ബന്ദിപ്പൂർ സാങ്ചറിയിൽ വച്ച് കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു |
| 4. | രാമർ പിള്ള | റിസർവ്വ് ഫോറസ്റ്റ് വാച്ചർ | പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷൻ, വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 05-05-1985 | പറമ്പിക്കുളത്ത് വനസംരക്ഷണ പ്രവർത്തനത്തിനിടെ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 5. | കുഞ്ചുമണി | റിസർവ്വ് ഫോറസ്റ്റ് വാച്ചർ | പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷൻ, വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 05-05-1985 | പറമ്പിക്കുളത്ത് കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 6. | ഒ. ജെ. സെബാസ്റ്റ്യൻ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | ചുങ്കത്തറ റെയിഞ്ച് നിലമ്പൂർ നോർത്ത് ഡിവിഷൻ ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 06-08-1986 | ചുങ്കത്തറ നെല്ലിക്കുത്ത് എന്ന സ്ഥലത്ത് മരം കൊള്ള തടയുന്നതിനിടയിൽ കൊള്ളക്കാർ തടി തലയിലേയ്ക്ക് തള്ളിയിട്ട് കൊലപ്പെടുത്തി |
| 7. | കൃഷ്ണൻ നാടാർ | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | അതിരപ്പിള്ളി റെയിഞ്ച് ചാലക്കുടി ഡിവിഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ | 09-10-1987 | അതിരപ്പിള്ളിയിൽ വനം കുറ്റവാളികളെ പിടികൂടാൻ ശ്രമിക്കുന്നതിനിടയിൽ പ്രതികൾ കല്ലെറിഞ്ഞ് വീഴ്ത്തി കൊലപ്പെടുത്തി. |
| 8. | ഗംഗാധരൻ സി. പി. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | താമരശ്ശേരി റെയിഞ്ച് കോഴിക്കോട് ഡിവിഷൻ നോർത്തേൺ സർക്കിൾ കണ്ണൂർ | 13-07-1995 | പ്രതികളെ കസ്റ്റഡിയിൽ എടുത്തുകൊണ്ടു പോകവേ വാഹനാപകടത്തിൽ മരണമടഞ്ഞു. |

| | | | | | |
|---|---|---|---|---|---|
| 9. | വിനോദ് എൻ. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | പെരിയാർ ഈസ്റ്റ് ഡിവിഷൻ<br>തേക്കടി<br>വൈൽഡ് ലൈഫ് സർക്കിൾ<br>കോട്ടയം | 21-11-1996 | തേക്കടി മേഖലയിൽ കഞ്ചാവ് റെയിഡിനിടെ കുഴഞ്ഞു വീണ്ട മരിച്ചു |
| 10. | അയ്യാവ് റ്റി. | വാച്ചർ<br>(DW) | പെരിയാർ ഈസ്റ്റ് ഡിവിഷൻ<br>തേക്കടി<br>വൈൽഡ് ലൈഫ് സർക്കിൾ<br>കോട്ടയം | 13-11-1998 | തേക്കടി മേഖലയിൽ കഞ്ചാവ് റെയിഡിനിടെ തല വെട്ടിയെടുത്തു കൊലപ്പെടുത്തി. |
| 11. | മണികണ്ഠൻ എസ്. | വാച്ചർ<br>(DW) | പെരിയാർ ഈസ്റ്റ് ഡിവിഷൻ<br>തേക്കടി<br>വൈൽഡ് ലൈഫ് സർക്കിൾ<br>കോട്ടയം | 16-11-1998 | തേക്കടി മേഖലയിൽ ചന്ദന കൊള്ള തടയുന്നതിനിടെ കുഴഞ്ഞുവീണ്ട മരിച്ചു. |
| 12. | സി. സുരേശൻ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | അഗളി റെയിഞ്ച്<br>മണ്ണാർക്കാട് ഡിവിഷൻ<br>ഈസ്റ്റേൺ സർക്കിൾ<br>പാലക്കാട് | 12-09-2001 | വനസംരക്ഷണ പ്രവർത്തനത്തിനിടയിൽ അഗളിയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരണപ്പെട്ടു. |
| 13. | ടി. എ. പോൾ | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | പരിയാരം റെയിഞ്ച്<br>ചാലക്കുടി ഡിവിഷൻ<br>സെൻട്രൽ സർക്കിൾ തൃശ്ശൂർ | 03-09-2006 | ചാലക്കുടി പരിയാരത്ത് പ്രതികളെ കൊണ്ടുപോകവേ പ്രതികൾ ആക്രമിച്ചതിനെ തുടർന്നുണ്ടായ ജീപ്പപകടത്തിൽ മരിച്ചു. |
| 14. | ചെല്ലപ്പൻ കെ. | വാച്ചർ (DW) | മറയൂർ സാൻഡൽ ഡിവിഷൻ<br>ഹൈറേഞ്ച് സർക്കിൾ<br>കോട്ടയം | 22-07-2007 | മറയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ പ്രതികളെ പിടികൂടുന്നതിനായി പട്രോളിംഗ് നടത്തി വരവേ എരുമച്ചോല ഭാഗത്തുവച്ച് കഠിനമായ തണുപ്പ് കാരണം മരിച്ചു. |
| 15. | കെ. കെ. ബാലകൃഷ്ണൻ | റിസർവ്വ് ഫോറസ്റ്റ് വാച്ചർ | വാളയാർ റെയിഞ്ച്<br>പാലക്കാട് ഡിവിഷൻ<br>ഈസ്റ്റേൺ സർക്കിൾ<br>പാലക്കാട് | 20-09-2007 | വാളയാറിലെ ജനവാസകേന്ദ്രത്തിൽ എത്തിയ കാട്ടാനയെ തുരത്തുന്നതിന് ഇടയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 16. | കെ. സുധീർ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | വഴിക്കടവ് റെയിഞ്ച്<br>നിലമ്പൂർ നോർത്ത് ഡിവിഷൻ<br>ഈസ്റ്റേൺ സർക്കിൾ<br>പാലക്കാട് | 01-12-2009 | നിലമ്പൂർ പോത്തുകല്ലിൽ വന സംരക്ഷണ പ്രവർത്തിന് ഇടയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 17. | ജി. മുരുകേശൻ | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | ഒലവക്കോട് റെയിഞ്ച് പാലക്കാട് ഡിവിഷൻ ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 09-01-2010 | പാലക്കാട് ഒലവക്കോട് വച്ച് പാമ്പിനെ പിടികൂടുന്നതിന് ഇടയിൽ പാമ്പ് കടിയേറ്റ് മരിച്ചു. |
| 18. | പി. ദേവദാസ് | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | താമരശ്ശേരി റെയിഞ്ച് കോഴിക്കോട് ഡിവിഷൻ നോർത്തേൺ സർക്കിൾ കണ്ണൂർ | 03-04-2010 | കോഴിക്കോട് താമരശ്ശേരിയിൽ നായാട്ട് സംഘത്തിന്റെ വെടിയേറ്റ് മരിച്ചു. |
| 19. | വി.വി. സുബ്രഹ്മണ്യൻ | വാച്ചർ (DW) | അതിരിപ്പിള്ളി റെയിഞ്ച് വാഴച്ചാൽ ഡിവിഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ | 01-07-2012 | അതിരപ്പിള്ളി റെയിഞ്ചിൽ വന സംരക്ഷണ പ്രവർത്തനത്തിന് ഇടയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 20. | ഷോബി | വാച്ചർ (DW) | താമരശ്ശേരി റെയിഞ്ച് കോഴിക്കോട് ഡിവിഷൻ നോർത്തേൺ സർക്കിൾ കണ്ണൂർ | 23-05-2014 | താമരശ്ശേരി മേഖലയിൽ സ്വകാര്യ വ്യക്തിയുടെ കിണറ്റിൽ നിന്ന് പാമ്പിനെ പിടികൂടുന്നതിന് ഇടയിൽ പാമ്പിന്റെ കടിയേറ്റ് മരിച്ചു. |
| 21. | ബസവൻ | വാച്ചർ (സൂപ്പർ ന്യൂമററി) | തോൽപ്പെട്ടി റെയിഞ്ച് വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട് | 11-12-2015 | വയനാട് തോൽപ്പെട്ടിയിൽ ആന്റി പോച്ചിംഗ് ക്യാമ്പിൽ വച്ച് വന്യജീവി ആക്രമണത്തിൽ മരിച്ചു. |
| 22. | ബൊമ്മൻ | വാച്ചർ (സൂപ്പർ ന്യൂമററി) | ബേഗൂർ റെയിഞ്ച് നോർത്ത് വയനാട് ഡിവിഷൻ നോർത്തേൺ സർക്കിൾ കണ്ണൂർ | 20-09-2016 | നോർത്ത് വയനാട്ടിലെ ബേഗൂരിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 23. | കണ്ണൻ ജി. | വാച്ചർ (സൂപ്പർ ന്യൂമററി) | പെരിയാർ ഈസ്റ്റ് ഡിവിഷൻ തേക്കടി വൈൽഡ് ലൈഫ് സർക്കിൾ കോട്ടയം | 21-06-2017 | തേക്കടി റെയിഞ്ചിൽ വന സംരക്ഷണ പ്രവർത്തനത്തിന് ഇടയിൽ ഹൃദയാഘാതം മൂലം മരണപ്പെട്ടു. |
| 24. | കരിയൻ | വാച്ചർ (സൂപ്പർ ന്യൂമററി) | കുറിച്യാട് റെയിഞ്ച് വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട് | 18-01-2018 | വയനാട്ടിലെ കുറിച്യാട് വനമേഖലയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 25. | നാഗരാജ് എം. | വാച്ചർ (DW) | ചിന്നാർ റെയിഞ്ച് മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ വൈൽഡ് ലൈഫ് സർക്കിൾ കോട്ടയം | 14-12-2018 | 10-11-2018-ൽ വന സംരക്ഷണ പ്രവർത്തനത്തിന് ഇടയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |

| | | | | | |
|---|---|---|---|---|---|
| 26. | തങ്കസ്വാമി | വാച്ചർ (DW) | മാങ്കുളം ഡിവിഷൻ ഹൈറേഞ്ച് സർക്കിൾ കോട്ടയം | 15-12-2018 | അമ്പതാം മൈലിൽ ജനവാസ കേന്ദ്രത്തിൽ എത്തിയ കാട്ടു പോത്തുകൾ മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 27. | ഉബൈദ് പാണക്കാടൻ | ഡ്രൈവർ | അട്ടപ്പാടി റെയിഞ്ച് മണ്ണാർക്കാട് ഡിവിഷൻ ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 27-12-2019 | അട്ടപ്പാടി ചെമ്മണ്ണൂരിൽ ഡ്യൂട്ടിക്കിടയിൽ ജീപ്പ് ഭവാനി പുഴയിലേയ്ക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചു. |
| 28. | ഷർമ്മിള ജയറാം | റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | അട്ടപ്പാടി റെയിഞ്ച് മണ്ണാർക്കാട് ഡിവിഷൻ ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 01-01-2020 | അട്ടപ്പാടി ചെമ്മണ്ണൂരിൽ വന സംരക്ഷണ പ്രവർത്തനത്തിന് ഇടയിൽ ജീപ്പ് ഭവാനി പുഴയിലേയ്ക്ക് മറിഞ്ഞുണ്ടായ അപകടത്തിൽ മരിച്ചു. |
| 29. | കെ. സുബ്രഹ്മണ്യൻ | ഫോറസ്റ്റ് വാച്ചർ (സൂപ്പർ ന്യൂമററി) | പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷൻ വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട് | 10-01-2020 | വനസംരക്ഷണ പ്രവർത്തനത്തിനിടയിൽ തൂണക്കടവ് റിസർവ്വോയറിൽ വീണ മരിച്ചു. |
| 30. | ദിവാകരൻ കെ. യു. | ഫോറസ്റ്റ് വാച്ചർ (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) | വടക്കാഞ്ചേരി റെയിഞ്ച് തൃശ്ശൂർ ഡിവിഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ | 16-02-2020 | തൃശ്ശൂർ വടക്കാഞ്ചേരിയിലെ HNL പ്ലാന്റേഷനിൽ ഉണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ പൊള്ളലേറ്റ് മരിച്ചു. |
| 31. | എ. കെ. വേലായുധൻ | വാച്ചർ (DW) | വടക്കാഞ്ചേരി റെയിഞ്ച് തൃശ്ശൂർ ഡിവിഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ | 16-02-2020 | തൃശ്ശൂർ വടക്കാഞ്ചേരിയിലെ HNL പ്ലാന്റേഷനിൽ ഉണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ പൊള്ളലേറ്റ് മരിച്ചു. |
| 32. | വി. എ. ശങ്കരൻ | വാച്ചർ (DW) | വടക്കാഞ്ചേരി റെയിഞ്ച് തൃശ്ശൂർ ഡിവിഷൻ സെൻട്രൽ സർക്കിൾ തൃശ്ശൂർ | 16-02-2020 | തൃശ്ശൂർ വടക്കാഞ്ചേരിയിലെ HNL പ്ലാന്റേഷനിൽ ഉണ്ടായ കാട്ടുതീ അണയ്ക്കുന്നതിനിടയിൽ പൊള്ളലേറ്റ് മരിച്ചു. |
| 33. | എ. എസ്. ബിജു | ഫോറസ്റ്റ് വാച്ചർ (SR) | റാന്നി ഡിവിഷൻ സതേൺ സർക്കിൾ കൊല്ലം | 26-02-2020 | രാജാമ്പാറ സ്റ്റേഷൻ പരിധിയിൽ മടന്തമണ്ണിൽ നാട്ടിലിറങ്ങിയ കാട്ടാനകളെ വനത്തിലേയ്ക്ക് തുരത്തുന്നതിനിടെ കാട്ടാന മൂലമുള്ള അപകടത്തിൽ മരിച്ചു. |
| 34. | കിയാസ് ബി. | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | കൊല്ലങ്കോട് റെയിഞ്ച് നെന്മാറ ഡിവിഷൻ ഈസ്റ്റേൺ സർക്കിൾ പാലക്കാട് | 02-06-2020 | 03-05-2020-ന് ഫീൽഡ് പരിശോധന വേളയിൽ അട്ട കടിച്ചതിനെത്തുടർന്നുണ്ടായ അസുഖങ്ങളെ തുടർന്ന് മരണപ്പെട്ടു. |

| | | | | | |
|---|---|---|---|---|---|
| 35. | ബാബു | ഫോറസ്റ്റ് വാച്ചർ (സൂപ്പർ ന്യൂമററി) | പേര്യ റെയിഞ്ച് സൗത്ത് വയനാട് ഡിവിഷൻ നോർത്തേൺ സർക്കിൾ കണ്ണൂർ | 15-04-2021 | വയനാട്ടിലെ ബത്തേരിയിൽ വന സംരക്ഷണ പ്രവർത്തനത്തിന് ഇടയിൽ പാറയിൽ നിന്ന് കാൽ വഴുതി വീണ മരിച്ചു |
| 36 | ഹുസൈൻ ടി. കെ. | വാച്ചർ (DW | വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ വൈൽഡ് ലൈഫ് സർക്കിൾ പാലക്കാട് | 04-09-2022 | തൃശ്ശൂർ പാലപ്പിള്ളിയിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരണപ്പെട്ടു. |
| 37. | ശക്തിവേൽ | വാച്ചർ (DW) | ദേവികുളം റെയിഞ്ച് മൂന്നാർ ഡിവിഷൻ ഹൈറേഞ്ച് സർക്കിൾ കോട്ടയം | 25-01-2023 | ദേവികുളം റെയിഞ്ചിലെ ചിന്നക്കനാൽ സെക്ഷന്റെ പന്നിയാർ എസ്റ്റേറ്റ് തേയില തോട്ടത്തിൽ കാട്ടാന മൂലമുള്ള അപകടത്തിൽ മരണപ്പെട്ടു. |

**അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ**
**(ഭരണം)**